# വത്തിക്കാൻ തരംഗം

കെ.സി.ബി.സി
മീഡിയ



Vol No.35 No.07 July 2025 Rs.5.00

കാഞ്ഞിരപ്പള്ളി അമല കമ്മ്യൂണിക്കേഷൻസ്

# പ്രതിമാസം പി.ഒ.സി

കെസിബിസി മീഡിയ

# നാടകം : ഒറ്റ

## കാഞ്ഞിരപ്പള്ളി അമല കമ്മ്യൂണിക്കേഷൻസ്

## 27 ജൂലൈ, ഞായർ 6.30 പി.എം
## പി.ഒ.സി, പാലാരിവട്ടം




# പ്രവേശനം സൗജന്യം

വത്തിക്കാൻ തരംഗം

# VATHICAN THARANGAM

July - 2025

RN. 55 178/94

പുസ്തകം- 35

Monthly

ലക്കം-07


# ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- സമഗ്ര പരിസ്ഥിതി ... 05
- സമാധാന പാതകൾ ... 13
- വിറയ്ക്കുന്ന വിരലുകൾ ... 16
- യുവത്വവും പ്രതിബദ്ധതയും ... 19
- ഓർമ്മ ആദരം ... 23
- വാർത്തയും ചിന്തയും ... 26



*മുഖ്യരക്ഷാധികാരി*

- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*

- ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*ചീഫ് എഡിറ്റർ* • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ

*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ

*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656



കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ





# ദൈവസൃഷ്ടിയായ പ്രപഞ്ചത്തോട് നീതികാണിക്കുക

2025 സെപ്റ്റംബർ 1 ന് നമ്മുടെ പൊതുഭവനമായ പ്രപഞ്ചത്തെ സംരക്ഷിക്കുന്നതിന്റെ ലോക പ്രാർത്ഥനാ ദിനത്തിന്റെ ദശാബ്ദത്തിൽ ലെയോ പതിനാലാമൻ പാപ്പ എല്ലാ ക്രൈസ്തവരോടും, സന്മനസുള്ള സർവ്വരോടും ആവശ്യപ്പെടുന്നത് എല്ലാവർക്കും ഉണ്ടായിരിക്കേണ്ട പാരിസ്ഥിതികവും സാമൂഹികവുമായ നീതിബോധത്തെക്കുറിച്ചാണ്. ലെയോ പതിനാലാമൻ പാപ്പ നിർബന്ധപൂർവ്വം ഓർമ്മിപ്പിക്കുന്നത്, ദൈവത്തിന്റെ സൃഷ്ടി മനുഷ്യന്റെ അടിച്ചമർത്തലിനോ യുദ്ധത്തിനോ വേണ്ടി ഉള്ളതല്ല, മറിച്ച് പരിപാലനത്തിനും സംരക്ഷണത്തിനുമാണ്. 2015 ജൂൺ 18 ന് പ്രകാശിതമായ ഫ്രാൻസിസ് പാപ്പയുടെ ചാക്രിക ലേഖനമായ 'ലൗദാത്തോ സീ' യുടെ ദശാബ്ദത്തിൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ സന്ദേശം, പരിസ്ഥിതി നീതിയും സാമൂഹ്യ നീതിയും തമ്മിലുള്ള ബന്ധത്തെ ഊന്നിപ്പറയുന്നു. ഈ ഭൂമി സൗഖ്യത്തിനുള്ള ആശ്രുപത്രിയാക്കേണ്ടതിനു പകരം, വിറ്റുവരവിനും ആധിപത്യത്തിനുമായി യുദ്ധഭൂമിയാക്കി മാറ്റുന്ന മനുഷ്യരാശിയുടെ പ്രവണതയെ അദ്ദേഹം കടുത്തഭാവത്തിൽ വിമർശിക്കുന്നു. പാപ്പാ പറയുന്നു, 'ഭൂമിയെ കീഴടക്കാനല്ല ബൈബിൾ പറയുന്നത്, മറിച്ച് വിശ്വസ്തരായ പരിചാരകരെന്ന നിലയിൽ 'നിലമൊരുക്കാനും ഉഴവാനും സംരക്ഷിക്കാനും' ഉള്ള ദൈവത്തിന്റെ വിളി അഥവാ ഉത്തരവാദിത്വമാണ്. 'ലൗദാത്തോ സീ യുടെ ഇരുപത്തിയൊന്നാം ഖണ്ഡികയിൽ പറയുന്നു: നമ്മുടെ ഭവനമായ ഭൂമി അഴുക്കിന്റെ അളവറ്റ കൂമ്പാരമായി വർധമാനമായതോതിൽ കാണപ്പെടാൻ തുടങ്ങുന്നു. ആദിവാസിസമൂഹങ്ങൾ ഉൾപ്പെടെ അനേകർക്ക് ഉണ്ടാകുന്ന ദുരിതങ്ങൾ, പ്രകൃതിയെ വാണിജ്യചരക്കായി കാണുന്ന വർത്തമാന സാമ്പത്തിക രാഷ്ട്രീയസംവിധാനത്തിന്റെ ഫലമാണ്. ഇന്റഗ്രൽ ഇക്കോളജി എന്ന ആശയം ഒരു ആധുനിക തത്വചിന്ത അല്ല, മറിച്ച് വിശ്വാസത്തിൽ നിന്ന് ജനിക്കുന്ന ഉത്തരവാദിത്വവും ദൗത്യവുമാണ് എന്നതാണ് പാപ്പായുടെ തീവ്രമായസന്ദേശം. നീതിയുടെവിത്തുകൾ വിതച്ച് പ്രത്യാശയുടെ ഫലംകൊയ്യാനാണ് നമ്മളുടെ ദൗത്യം, എന്നാണ് ലെയോ പതിനാലാമൻ പാപ്പ പറയുന്നത്. പരിസ്ഥിതിസംരക്ഷണത്തിനായി വിദ്യാഭ്യാസവും സമൂഹജീവിതവും അടിസ്ഥാനമായിമാറ്റുന്ന ബോർഗോ ലൗദാത്തോ സീ പദ്ധതി അദ്ദേഹം ഉദാഹരിക്കുന്നു.'ലൗദാത്തോ സീ' നമ്മുടെ ജീവിതത്തെ തുടർച്ചയായി പ്രചോദിപ്പിക്കുകയും, സമഗ്ര പരിസ്ഥിതി സംരക്ഷണത്തിന്റെ ദാർശനികത നമ്മുടെ സമൂഹത്തിൽ പകരപ്പെടുകയും ചെയ്യണമെന്ന് പ്രാർത്ഥിച്ചുകൊണ്ട് അദ്ദേഹം സന്ദേശം അവസാനിപ്പിക്കുന്നു. അതിനാൽ വിശ്വസ്തരായ പരിചാരകരെന്ന നിലയിൽ നമ്മുടെ പൊതുഭവനമായ പ്രപഞ്ചത്തെ നീതിയോടെ സംരക്ഷിക്കുന്നവരാകാം.❍



**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ



# 'സമഗ്ര പരിസ്ഥിതി' വെറും വാക്കാകരുത്: ലെയോ മാർപാപ്പ

ബാബു കദളിക്കാട്

SPECIAL REPORT



**വത്തിക്കാൻ സിറ്റി:** സൃഷ്ടലോകത്തിന്റെ പരിപാലനത്തിനായുള്ള ആഗോള പ്രാർത്ഥനാ ദിനമായി സെപ്റ്റംബർ ഒന്ന് ആചരിക്കുന്നതിനു മുന്നോടിയായി കാലാവസ്ഥാവ്യതിയാനത്തിന്റെയും അതുമായി ബന്ധപ്പെട്ട പ്രതിസന്ധികളുടെയും മുന്നിൽ പ്രത്യാശയുടെ വിത്തുകൾ പാകാനുള്ള ആഹ്വാനമേകി ലെയോ പതിനാലാമൻ മാർപാപ്പ. ഫ്രാൻസിസ് പാപ്പായുടെ വിഖ്യാത ചാക്രിക ലേഖനമായ 'ലൗദാത്തോ സീ' യുടെയും ഈ ആഗോളദിനം സ്ഥാപിക്കപ്പെട്ടതിന്റെയും പത്താം വാർഷികം ലോകജനത ആഘോഷിക്കേണ്ടത് പ്രകൃതിപരിപാലനത്തിനുള്ള ഉത്തരവാദിത്വം ഊട്ടിയുറപ്പിച്ചാകണമെന്നും പ്രകൃതിപരിപാലനം വാക്കുകളിൽനിന്ന് പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരണമെന്നും പാപ്പാ പറഞ്ഞു.


തന്റെ ഛായയിൽ സ്രഷ്ടാവായ ദൈവം സൃഷ്ടിച്ച മനുഷ്യരിൽ ഏൽപ്പിക്കപ്പെട്ട സൃഷ്ടലോകത്തിന്റെ സംരക്ഷണവും, വളർച്ചയുമെന്ന ഉത്തരവാദിത്വങ്ങൾ ശരിയായി നിർവഹിക്കാനും, അതുവഴി നീതിയും അതിന്റെ ഫലങ്ങളായ സമാധാനവും പ്രത്യാശയും കൂട്ടുതലായി വളർത്താനും ലെയോ പതിനാലാമൻ പാപ്പാ ഏവരെയും ആഹ്വാനം ചെയ്തു. നാം



ഭൂമിയിൽ ഏൽപ്പിക്കുന്ന ഓരോ മുറിവുകളുടെയും ഫലം ഏവരും അനുഭവിക്കേണ്ടിവരുമെങ്കിലും, പാവപ്പെട്ടവരും സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരുമാണ് ഇതിന്റെ കൂടുതൽ ദൂഷ്യഫലങ്ങൾ അനുഭവിക്കാൻ നിർബന്ധിതരാകുന്നതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. പ്രകൃതിപരിപാലനവും സംരക്ഷണവും വെറും വാക്കുകളിൽ ഒതുക്കരുത്: പ്രത്യേക സന്ദേശത്തിലൂടെ പാപ്പാ ഉദ്ബോധിപ്പിച്ചു.

**ഭൂമി ഒരു പൂന്തോട്ടം**

ദൈവരാജ്യത്തെക്കുറിച്ച് സംസാരിക്കുന്ന അവസരത്തിൽ യേശു പലപ്പോഴും വിത്തിന്റെ കാര്യം പരാമർശിച്ചു. സ്വജീവൻ നൽകിക്കൊണ്ട് ഫലം നൽകുന്ന വിത്തുപോലെ തന്റെ പീഡാനുഭവത്തിന് തലേന്ന് തന്നെത്തന്നെ വിത്തായി അവൻ ഉപമിച്ചുകൊണ്ട് സംസാരിക്കുന്നുണ്ടെന്നും പാപ്പാ ചൂണ്ടിക്കാട്ടി. അതേസമയം ക്രിസ്തുവിൽ നമ്മളും സമാധാനത്തിന്റെയും പ്രത്യാശയുടെയും വിത്തുകളാണ്. ദൈവം ഹിതമാകുന്നെങ്കിൽ, മരുഭൂമിയെപ്പോലും ഒരു പൂന്തോട്ടമാക്കി മാറ്റാൻ അവനു സാധിക്കും. എന്നാൽ അവിടെ നിയമവും നീതിയും വാഴേണ്ടതുണ്ടെന്നും  പാപ്പാ അഭിപ്രായപ്പെട്ടു. സെപ്റ്റംബർ ഒന്ന് മുതൽ നാല് വരെ നടക്കാനിരിക്കുന്ന 'സൃഷ്ടിയുടെ സമയം' എന്ന എക്യുമെനിക്കൽ പദ്ധതി, പ്രാർത്ഥനയ്ക്കൊപ്പം മൂർത്തമായ പ്രവൃത്തികളും ഉണ്ടാകേണ്ടതിന്റെ ആവശ്യകതയിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.



പ്രകൃതിയെ നശിപ്പിക്കുന്ന പ്രവർത്തനം ഏവരെയും ബാധിക്കും. അതിലൂടെ നീതിയെയും സമാധാനത്തെയും ഇല്ലാതാക്കുന്നത് പാവപ്പെട്ടവരെയും പാർശ്വത്കരിക്കപ്പെട്ടവരെയും അവഗണിക്കപ്പെട്ടവരെയുമാണ് കൂടുതലായി ബാധിക്കുക. പ്രകൃതി വിഭവങ്ങളുടെമേലുള്ള അവകാശത്തിനും, രാഷ്ട്രീയനേട്ടങ്ങൾക്കുമായി ഭൂമിയെ അനീതിപരമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനെതിരെ പാപ്പാ വിമർശനം ചൊരിഞ്ഞു. കൃഷിയിടങ്ങളിലും വനഭൂമിയിലും പോലും മൈനുകൾ വിതറുന്നു. ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ടും, അസംസ്കൃതവസ്തുക്കളുടെ തെറ്റായ വിതരണവുമായി ബന്ധപ്പെട്ടും നടക്കുന്ന സംഘർഷങ്ങൾ എന്നിവ പാപ്പാ പ്രത്യേകം പരാമർശിച്ചു.

## മനുഷ്യനുള്ള ക്ഷണനം

ലോകമെന്ന പൂന്തോട്ടത്തെ വളർത്താനും സംരക്ഷിക്കാനുമാണ് ദൈവം മനുഷ്യന് നിയോഗം നൽകുന്നത് (ഉൽപത്തി 2, 15).തന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഭൂമിയെ മുറിവേൽപ്പിക്കുമെന്ന് കരുതിയല്ല ദൈവം അവനെ ഭൂമിയുടെ പരിപാലനം ഏൽപ്പിച്ചത്. പ്രകൃതിയും മനുഷ്യനുമായുള്ള ഉത്തരവാദിത്വപരമായ ഒരു ബന്ധത്തിനാണ്, കൃഷി ചെയ്യാനും സംരക്ഷിക്കാനുമായി ദൈവം നൽകിയ നിയോഗം മനുഷ്യനെ ക്ഷണിക്കുന്നത്. പ്രകൃതിയുമായി ബന്ധപ്പെട്ട നീതി എന്നത് സമൂർത്തമായ ഒരു ചിന്തയാണ്. ഇത് സാമൂഹ്യ, സാമ്പത്തിക, മാനവിക നീതിയുമായി ബന്ധപ്പെട്ട ഒന്നാണെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇത് ദൈവശാസ്ത്രപരമാണ്; സൃഷ്ടലോകത്തിന്റെ സംരക്ഷണം വിശ്വാസവും മാനവികതയും ആവശ്യപ്പെടുന്ന ഒന്നാണ്.

ദൈവത്തിന്റെ സൃഷ്ടിയുടെ സംരക്ഷകരാകുക എന്നത് ഒരു സാധ്യതയോ അപ്രധാനമായ ഒരു കാര്യമോ അല്ല. വാക്കുകളിൽനിന്ന് പ്രവൃത്തിപഥത്തിലേക്ക് കടന്നുവരാനുള്ള സമയമാണ് നമുക്ക് മുന്നിലുള്ളതെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു. നീതിയുടെ വിത്തുകൾ മുളപ്പിച്ച് സമാധാനത്തിനും പ്രത്യാശയ്ക്കും വേണ്ടി നമ്മുടേതായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള സാധ്യതയാണ് നമുക്ക് മുന്നിലുള്ളത്. വിത്ത് വിതച്ച് ഫലത്തിനായി കാത്തിരിക്കുന്നതുപോലെ ചിലപ്പോൾ ഏറെ സമയം ആവശ്യമുള്ള ഒരു പ്രവൃത്തിയാണിത്. 'ലൗദാത്തോ സീ' സഭയെയും ഒരുപാട് വ്യക്തികളെയും കഴിഞ്ഞ പത്ത് വർഷങ്ങളായി പ്രകൃതിയോടുള്ള ഉത്തരവാദിത്വപരമായ ബന്ധത്തിലേക്ക് നയിച്ചത് അനുസ്മരിച്ച പാപ്പാ, 'സമഗ്രപരിസ്ഥിതി' എന്ന ആശയം കൂടുതലായി പ്രവർത്തികമാകട്ടെയെന്നും, നമ്മുടെ ഉറപ്പുള്ള പ്രത്യാശയായ ക്രിസ്തുവിന്റെ കൃപയുടെ, പ്രത്യാശയുടെ വിത്തുകൾ വർദ്ധിപ്പിച്ചും, സംരക്ഷിച്ചും വളർത്തിയും മുന്നോട്ട് നീങ്ങാൻ നമുക്ക് സാധിക്കട്ടെയെന്നും ആശംസിച്ചു.

## സ്നേഹ വിപ്ലവം

ജൂലൈ പതിമൂന്നിനു ലിയോ പതിനാലാമൻ പാപ്പാ, തന്റെ വേനൽക്കാല വസതി സ്ഥിതി ചെയ്യുന്ന കാസൽ ഗന്ധോൾഫോയിലെ സാൻ തോമ്മാസോ ദ വില്ലനോവ ഇടവക ദേവാലയത്തിൽ വിശുദ്ധ ബലിയർപ്പിക്കുകയും, വചനസന്ദേശം നൽകുകയും ചെയ്തു. നല്ല



സമരിയാക്കാരന്റെ ഉപമയായിരുന്നു സുവിശേഷഭാഗം. ഇന്നത്തെ ജീവിതസാഹചര്യങ്ങളിൽ നമ്മുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന മനഃസാക്ഷിയെ ഉണർത്തുവാൻ തക്കവണ്ണം വെല്ലുവിളി ഉള്ളടങ്ങിയതാണ് ഈ ഉപമയെന്നു പാപ്പാ പറഞ്ഞു. മൃതമായ വിശ്വാസത്തിനെതിരെ പോരാടുവാനും, ദൈവിക അനുകമ്പ ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും നല്ല സമരിയാക്കാരന്റെ നമ്മെ ക്ഷണിക്കുന്നു. ഉപമയുടെ കേന്ദ്രചിന്തയായ അനുകമ്പയെപ്പറ്റിയും പാപ്പാ സംസാരിച്ചു.'ആ അനുകമ്പയുടെ ആദ്യപടി, വീണു കിടക്കുന്നവനിൽ സമരിയക്കാരൻ ഉറപ്പിച്ച ദൃഷ്ടികൾ ആയിരുന്നു. ആ നോട്ടം ഹൃദയത്തിൽ നിന്നും ഉത്ഭവിച്ചതായിരുന്നുവെന്ന വ്യതിരിക്തത ഉൾക്കൊള്ളുന്നു'. സമരിയക്കാരനല്ലാതെ ആ വഴി കടന്നുപോയവർ തങ്ങളുടെ ഹൃദയം കൊണ്ട് വീണുകിടന്ന ആ മനുഷ്യനെ കാണുവാൻ താത്പര്യപ്പെടാഞ്ഞതും പാപ്പാ ചൂണ്ടിക്കാട്ടി. കണ്ടിട്ടും കടന്നുപോയവർക്ക് പാഠമായിരുന്നു കണ്ടു മനസ്സലിഞ്ഞു അനുകമ്പ കാട്ടിയ നല്ല സമരിയക്കാരന്റെ ജീവിതം. ശ്രദ്ധ വ്യതിചലിപ്പിക്കുന്നതും , കണ്ടില്ലെന്നു നടിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നതും, സാഹചര്യങ്ങളുടെ വെല്ലുവിളികളെ അവഗണിക്കുന്നതുമാണ് ഉപരിപ്ലവമായ കാഴ്ച. എന്നാൽ മറ്റുള്ളവരുടെ ദയനീയമായ അവസ്ഥകളിലേക്ക് സഹാനുഭൂതിയോടെ കടന്നുചെല്ലുവാൻ നമ്മെ പ്രേരിപ്പിക്കുന്നതാണ് ഹൃദയത്തിന്റെ ദൃഷ്ടി – പാപ്പാ പറഞ്ഞു.

**യേശുവിന്റെ പ്രതിരൂപം**

മനുഷ്യകുലത്തിനു നേരെ ദൈവവും തന്റെ ദൃഷ്ടികൾ ഉറപ്പിക്കുന്നതാണ് ഈ ഉപമയുടെ ആദ്യഭാഗത്തെ പ്രതിപാദ്യമെന്നും, ഇത് മനുഷ്യർ പരസ്പരം സ്നേഹത്തോടെയും അനുകമ്പയോടെയും തുടരേണ്ടതിന്റെ ആവശ്യകത ഓർമ്മപ്പെടുത്തുന്നതാണെന്നും പാപ്പാ

ചൂണ്ടിക്കാട്ടി. അതിനാലാണ് ഈ ഉപമയിലെ സമരിയക്കാരൻ യേശുവിന്റെ പ്രതിരൂപമാകുന്നത്. നമ്മെ കണ്ടിട്ട് കടന്നു പോകാതെ, ഹൃദയപൂർവം വികാരത്തിന്റെയും അനുകമ്പയുടെയും അകമ്പടിയോടെ നമ്മുടെ ജീവിതാവസ്ഥകളിലേക്ക് ഇറങ്ങിവരുന്നവനാണ് യേശു. മനുഷ്യരാശി, തിന്മ നിറഞ്ഞതും മരണത്തിന്റെ ഭയം വിതയ്ക്കുന്നതുമായ അഗാധ ഗർത്തങ്ങളിലേക്ക് ഇറങ്ങിപ്പോകുമ്പോഴും യേശു അനുകമ്പയോടെ നമ്മുടെ ഇടയിലേക്ക് ഇറങ്ങിവന്നതും, സ്നേഹത്തിന്റെയും കരുണയുടെയും എണ്ണ കൊണ്ട് നമ്മുടെ മുറിവുകൾ വച്ചുകെട്ടുവാൻ മനസുകാണിച്ചതും പാപ്പാ വിവരിച്ചു. 'നമ്മോടുള്ള പിതാവിന്റെ അനുകമ്പയാണ് യേശു' വെന്നുള്ള ഫ്രാൻസിസ് പാപ്പായുടെ വാക്കുകളും പാപ്പാ എടുത്തു പറഞ്ഞു. ക്രിസ്തു കരുണയുള്ള ഒരു ദൈവത്തിന്റെ പ്രകടനമാണ്. അവനിൽ വിശ്വസിക്കുകയും അവന്റെ ശിഷ്യന്മാരായി പിന്തുടരുകയും ചെയ്യുക എന്നതിനർത്ഥം നമുക്കും അവനെപ്പോലെ അതേ വികാരങ്ങൾ ഉണ്ടായിരിക്കാൻ നമ്മെത്തന്നെ രൂപാന്തരപ്പെടുത്താൻ അനുവദിക്കുക എന്നതാണ്. ഇത് നമ്മുടെ ക്രിസ്തീയ ജീവിതത്തിനു വെല്ലുവിളിയുണർത്തുന്നതാണെന്നും പാപ്പാ കൂട്ടിച്ചേർത്തു. നല്ല സമരിയക്കാരനെന്ന നിലയിൽ ക്രിസ്തു നമ്മെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നുവെന്ന് നമ്മുടെ ജീവിതത്തിന്റെ ആഴങ്ങളിൽ നാം കണ്ടെത്തുകയാണെങ്കിൽ, നാമും അതേ വിധത്തിൽ സ്നേഹിക്കാൻ പ്രേരിതരാകുകയും അവനെപ്പോലെ അനുകമ്പയുള്ളവരായിത്തീരുകയും ചെയ്യും.'ഇതാണ് സ്നേഹത്തിന്റെ വിപ്ലവം'.അപരൻ ആരായിരുന്നാലും, അവന്റെ ആവശ്യങ്ങളും കഷ്ടപ്പാടുകളും എന്റെ ഹൃദയത്തെ ചലിപ്പിക്കണം. നമ്മുടെ തിരക്കുകൾ അവസാനിപ്പിച്ചുകൊണ്ട് അപരനിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കുവാനും അപ്രകാരം മതിലുകളും വേലികളും തകർത്തുകൊണ്ട് യഥാർത്ഥ സാഹോദര്യം കെട്ടിപ്പടുക്കുവാനും പാപ്പാ ഏവരെയും ക്ഷണിച്ചു.

## അയല്ക്കാരനാക്കാൻ പഠിക്കണം

ജീവിതസാഹചര്യങ്ങളാൽ മുറിവേറ്റവരോ ബുദ്ധിമുട്ടുകളാൽ ഭാരം പേറുന്നവരോ ആയ അനേകമാളുകളുടെ പാതയെയാണ്, ജറുസലേമിൽ നിന്നും സമുദ്രനിരപ്പിനു താഴെയുള്ള ജെറീക്കോ എന്ന പട്ടണത്തിലേക്കിറങ്ങുന്ന പാത നല്ല സമരിയാക്കാരന്റെ ഉപമയിൽ പ്രതിനിധാനം ചെയ്യുന്നത്. ഈ വഴികളിൽ കാലിടറുന്നവരെ, അടിച്ചമർത്തപ്പെടുന്നവരെ, കൊള്ളയടിക്കപ്പെടുന്നവരെ, അപരിചിതനെ പോലെ കാണാതെ നമ്മുടെ അയൽക്കാരനെന്ന വണ്ണം കാണുകയും അവനെ ചേർത്തുനിർത്തുകയും വേണമെന്നും പാപ്പാ പറഞ്ഞു. 'അപരിചിതനായ സമരിയാക്കാരൻ തന്നെത്തന്നെ ഒരു അയൽക്കാരനാക്കിയതുപോലെ, സ്വന്തം ആന്തരികാവസ്ഥയിൽ നിന്ന് ആരംഭിച്ച് ഞാൻ ഒരു അയൽക്കാരനാകാൻ പഠിക്കണമെന്നും മറ്റുള്ളവരുടെ ആവശ്യത്തിനു മുന്നിൽ സ്വയം അസ്വസ്ഥനാകാൻ മനസ്സ് തുറന്നിരിക്കുന്ന ഒരു വ്യക്തിയാകണ'മെന്നുമുള്ള ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ വാക്കുകളും ലെയോ പതിനാലാമൻ മാർപാപ്പ ചൂണ്ടിക്കാട്ടി.

## സമാധാന ദാഹം

സംഘർഷത്താൽ ഛിന്നഭിന്നമായ എല്ലാ ജനതകളോടും തന്റെ ആത്മീയവും പിതൃസഹജവുമായ അടുപ്പം ഒരിക്കൽ കൂടി വെളിപ്പെടുത്തികൊണ്ട് ജൂലൈ പതിമൂന്നാം തീയതി ലെയോ പതിനാലാമൻ പാപ്പാ നയിച്ച മധ്യാഹ്ന പ്രാർത്ഥനാനന്തരം സംസാരിച്ചു. സമാധാനത്തിന്റെ അടിയന്തരാവശ്യം ഊന്നിപറഞ്ഞുകൊണ്ടും, യുദ്ധത്തിന്റെ ഇരകളാകുന്ന സാധാരണക്കാരുടെ ജീവിതത്തിന്റെ ദുരിതപൂർണ്ണമായ അവസ്ഥകൾ ചൂണ്ടിക്കാണിച്ചുകൊണ്ടും പാപ്പാ ലോകമനസ്സാക്ഷിയെ ഐക്യത്തിലേക്ക് ക്ഷണിച്ചു.
മധ്യാഹ്ന പ്രാർത്ഥനയ്ക്ക് മുൻപായി വില്ലനോവയിലെ ഇടവക ദേവാലയത്തിൽ അർ

ഷിച്ച ദിവ്യബലിമധ്യേ നൽകിയ സന്ദേശത്തിൽ, അടിച്ചമർത്തുന്ന രാഷ്ട്രീയ വ്യവസ്ഥകളുടെയും, ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്ന സമ്പദ് വ്യവസ്ഥയുടെയും, മനുഷ്യന്റെ സ്വപ്നങ്ങളെയും ജീവിതങ്ങളെയും കൊലപ്പെടുത്തുന്ന യുദ്ധത്തിന്റെയും ഭീകരതയെ പാപ്പാ പരാമർശിച്ചിരുന്നു. തന്റെ വേനൽ കാല വസതിയായ കാസൽ ഗന്ഡോൾഫോയിൽ വച്ചാണ് പാപ്പാ മധ്യാഹ്ന പ്രാർത്ഥന നയിച്ചത്. ഇറ്റലിയിലെ വേനൽക്കാല അവധി ദിവസങ്ങളിൽ, കുട്ടികൾക്കുവേണ്ടി സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾക്ക് നേതൃത്വം വഹിക്കുന്നവരെ പാപ്പാ പ്രത്യേകം അഭിവാദ്യം ചെയ്യുകയും അവർ ചെയ്യുന്ന സേവനങ്ങൾക്ക് നന്ദിയർപ്പിക്കുകയും ചെയ്തു.



## മഹാ വിശ്വസ്തത

ദൈവം നമ്മെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിച്ചു ജീവിച്ചുകൊണ്ട് ദൈവഹിതം നിറവേറ്റുമ്പോൾ നമ്മൾ ക്രിസ്തുവിന്റെ യഥാർത്ഥ സഹോദരങ്ങൾ ആയിത്തീരുന്നുവെന്ന് ലെയോ പതിനാലാമൻ മാർപ്പാപ്പ പറഞ്ഞു. റോമിനു പുറത്ത്, കാസിൽ ഗന്തോൾഫൊയിലെ വേനൽക്കാല വസതിയിൽ ഏതാനും നാളുകൾ കഴിയുന്നതിനിടെ ജൂലൈ 15ന് ഇറ്റലിയുടെ സായുധ സൈനിക പൊലീസ് വിഭാഗമായ 'കരബിനിയേരി'യുടെ പ്രാദേശിക കാര്യാലയത്തിലെ കപ്പേളയിൽ അർപ്പിച്ച ദിവ്യബലി മദ്ധ്യേ സുവിശേഷ സന്ദേശം നല്കുകയായിരുന്നു പാപ്പാ.

വിശ്വസ്തത എന്ന പുണ്യം പൊതുനന്മയ്ക്കായുള്ള പരിശ്രമത്തിലുള്ള സമർപ്പണം, വിശുദ്ധി, സ്ഥൈര്യം എന്നിവയെ ആവിഷ്കരിക്കുന്നുവെന്നും കരബിനിയേരികൾ പൊതുസുരക്ഷ ഉറപ്പാക്കുകയും സകലരുടെയും, വിശിഷ്യ, അപകടാവസ്ഥയിലാകുന്നവരുടെ, അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് ഈ വിശ്വസ്തത കാത്തുസൂക്ഷിക്കുന്നു. ദൈവസ്നേഹത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചും പാപ്പാ പരാമർശിച്ചു. ദൈവം അവനിലും നമുക്കുവേണ്ടിയും ജീവിക്കുന്ന ബന്ധം ഒരു ദാനമായി മാറുന്നു. സ്വന്തം അമ്മയെപ്പോലും തനിക്കുമാത്രമുള്ളതായി കരുതാതെ നമുക്കായി നല്കത്തക്കവിധം അത്രമാത്രം വലുതാണ് ദൈവത്തിന്റെ സ്നേഹം.

## വിലയേറിയ സാക്ഷ്യം

ഇറ്റലിക്കും ഇറ്റലിയിലെ പൗരന്മാർക്കും സേവനം ചെയ്യുന്നതിനു പുറമെ പിരിശുദ്ധാസിംഹാസനത്തിനും റോമിലെത്തുന്ന വിശ്വാസികൾക്കും, വിശിഷ്യ ജൂബിലി വർഷത്തിൽ ഇവിടെയെത്തുന്ന തീർത്ഥാടകർക്കും ഏകുന്ന സേവനത്തിന് പാപ്പാ കരബിനിയേരി വിഭാഗത്തിന് നന്ദി പറഞ്ഞു. കരബിനിയേരിയുടെ കാര്യാലയത്തിലെ കപ്പേളയിലെ ദിവ്യബലിക്കു ശേഷം പാപ്പാ അൽബാനൊയിലെ ക്ലാരമഠം സന്ദർശിക്കുകയും ആശ്രമത്തിലെ കപ്പേളയിൽ അല്പ സമയം പ്രാർത്ഥിക്കുകയും ചെയ്തു. ക്ലാരമഠത്തിലെ സഹോദരികളുമൊത്ത് സംഭാഷണത്തിലേർപ്പെട്ട പാപ്പാ അവരേകുന്നത് വിലയേറിയ ഒരു സാക്ഷ്യമാണെന്ന് പ്രസ്താവിച്ചു, ആ സമൂഹത്തിന് ഒരു കാസയും പീലാസയും സമ്മാനിക്കുകയും ചെയ്തു. യേശുവിന്റെ തിരുമുഖ രൂപമാണ് സന്ന്യാസിനികൾ പാപ്പായ്ക്ക് സമ്മാനിച്ചത്. വിവിധ സന്ന്യാസിനീ സമൂഹങ്ങളുടെ ജനറൽ ചാപ്റ്ററിൽ സംബന്ധിക്കുന്നവരെ ലെയോ പതിനാലാമൻ പാപ്പാ കാസ്റ്റൽ ഗന്തോൾഫോ വേനൽക്കാല വസ



തിയുടെ അങ്കണത്തിൽ പൊതുവായി സ്വീകരിക്കുകയും പരിശുദ്ധാത്മാവിനോടുള്ള വിധേയത്വത്തിൽ അവരുടെ സിദ്ധികൾ ഊട്ടിവളർത്താൻ പ്രചോദനം പകരുകയും ചെയ്തു. ദൈവജനത്തിന്റെ സമഗ്ര ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും പരസ്പര പൂരക മാനങ്ങൾ ഉൾക്കൊള്ളുന്നു സമർപ്പിതജീവിത സമൂഹങ്ങളെന്ന് പാപ്പാ തൽസമയം ചൂണ്ടിക്കാട്ടി. ക്രിസ്തുവിന്റെ യാഗവുമായുള്ള ഐക്യത്തിൽ ആത്മസമർപ്പണം, ജനതകളോട് സുവിശേഷം അറിയിക്കൽ, സംരക്ഷിക്കപ്പെടുകയും കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്ന സഭാസ്നേഹം, യുവജനത്തിന്റെ വിദ്യാഭ്യാസവും രൂപീകരണവും എന്നിങ്ങനെ ഈ സന്ന്യാസിനീസമൂഹങ്ങളുടെ സിദ്ധികളെക്കുറിച്ചു പരാമർശിച്ച പാപ്പാ, അവയെല്ലാം, സകലത്തെയും നയിക്കുന്ന ശാശ്വതവും ഏകവുമായ യാഥാർത്ഥ്യത്തെ, അതായത്, ദൈവത്തിന് നരകുലത്തോടുള്ള സ്നേഹത്തെ, സവിശേഷ സിദ്ധിയുടെ രൂപത്തിൽ, അഥവാ, കരിസ്മാറ്റിക്ക് രൂപത്തിൽ ആവിഷ്കരിക്കുന്ന വ്യത്യസ്ത വഴികളാണെന്ന് ഉദ്ബോധിപ്പിച്ചു. ഈ സന്ന്യാസിനീസമൂഹങ്ങൾ സ്ഥാപിച്ചവർ, ക്രിസ്തുവിന്റെ മൗതികഗാത്രം കെട്ടിപ്പടുക്കുന്നതിന് വിഭിന്നങ്ങളായ സിദ്ധികൾ പരിശുദ്ധാത്മാവിനോടുള്ള വിധേയത്വത്തിൽ, പ്രദാനം ചെയ്തിട്ടുണ്ടെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. ❍

# ഈശോ നിങ്ങളെ വിളിക്കുന്നു




19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...*

*ജീസസ് ആന്റ് മേരി സന്യാസസഭ*

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*


**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**



# സമാധാന പാതകൾ കണ്ടെത്താൻ വൈകരുതെന്ന് പാപ്പ

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി

**SPECIAL REPORT**



**വത്തിക്കാൻ സിറ്റി:** ജൂലൈ പതിനേഴിനു ഗാസയിൽ അറുനൂറാളം അഭയാർത്ഥികൾ വസിച്ചിരുന്ന ലത്തീൻ പാത്രിയാർക്കേറ്റിന്റെ കീഴിലുള്ള തിരുക്കുടുംബ ദേവാലയം തകർക്കപ്പെടാനിടയാക്കിയ സൈനിക ആക്രമണത്തിൽ ഇരകളായവർക്കും, കുടുംബങ്ങൾക്കും തന്റെ ആത്മീയ സാമീപ്യവും പ്രാർത്ഥനകളും അറിയിച്ച് ലിയോ പതിനാലാമൻ പാപ്പാ, സമൂഹമാധ്യമമായ എക്സിൽ സന്ദേശം പങ്കുവച്ചു. സംഭവത്തിൽ മൂന്നുപേർ കൊല്ലപ്പെട്ടു. പത്തോളം ആളുകൾക്ക് പരിക്കേറ്റു. പള്ളി വികാരി ഫാ. ഗബ്രിയേലേ റോമനെല്ലിക്കും പരിക്കുകളുണ്ട്. സന്ദേശത്തിന്റെ പൂർണ്ണ രൂപം:

'ഗാസയിലെ തിരുക്കുടുംബ കത്തോലിക്കാദേവാലയത്തിനു നേരെ നടന്ന സൈനിക ആക്രമണത്തിൽ, ജീവഹാനിയും, മുറിവുകളും ഉണ്ടായെന്നറിഞ്ഞതിൽ ഞാൻ അതീവദുഃഖിതനാണ്. ഇടവകസമൂഹത്തോടുള്ള എന്റെ ആത്മീയമായ അടുപ്പം ഞാൻ ഉറപ്പു നൽകുന്നു. മരണപ്പെട്ടവരുടെ ആത്മാക്കളെ സർവ്വശക്തനായ ദൈവത്തിന്റെ സ്നേഹനിർഭരമായ കാരുണ്യത്തിന് സമർപ്പിക്കുന്നു, അവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ഉടനടി വെടിനിർത്തലിനുള്ള എന്റെ ആഹ്വാനം ഞാൻ പുതുക്കുന്നു. സംഭാഷണത്തിനും അനുരഞ്ജനത്തിനും മാത്രമേ ശാശ്വത സമാധാനം ഉറപ്പാക്കാൻ കഴിയൂ!'

ഈ ബോംബാക്രമണത്തെത്തുടർന്ന് ഉടലെടുത്ത അടിയന്തിരസാഹചര്യത്തിൽ,



മാനുഷിക സഹായവുമായി ഗാസയിലേക്ക് ഓർത്തഡോക്സ് പാത്രിയർക്കീസ് തിയോഫിലോസ് മൂന്നാമനോടൊപ്പം കടന്നു ചെന്ന ജറുസലേമിലെ ലത്തീൻ പാത്രിയർക്കീസ് കർദിനാൾ പിയർബത്തിസ്ത്ത പിറ്റ്സബല്ലയുമായുമായി പാപ്പാ ഫോണിൽ സംസാരിച്ചു.

**ഇരകൾ ഉണ്ടാകരുത്**

ഗാസയിലേക്ക് തങ്ങൾ പോകുമ്പോൾ, ലെയോ പതിനാലാമൻ പാപ്പാ തന്റെ അടുപ്പം, വാത്സല്യം, പ്രാർത്ഥനകൾ, പിന്തുണ, എന്നിവ അറിയിച്ചും ഈ ദുരന്തത്തിന് അറുതി വരുത്താൻ സാധ്യമായതെല്ലാം ചെയ്യാനുള്ള തന്റെ സന്നദ്ധത വെളിപ്പെടുത്തിയും ഫോണിൽ തന്നെ ബന്ധപ്പെട്ടുവെന്നു കർദിനാൾ വ്യക്തമാക്കി. ഈ കൂട്ടക്കൊല അവസാനിപ്പിക്കേണ്ട സമയമാണിതെന്നും സംഭവിച്ചത് ന്യായീകരിക്കാനാവാത്തതാണെന്നും ഇനി ഇരകൾ ഉണ്ടാകില്ലെന്ന് ഉറപ്പാക്കണമെന്നും പാപ്പാ എടുത്തു പറഞ്ഞു. ഗാസയിലെ മുഴുവൻ സമൂഹത്തിന്റെയും, സഹോദരീസഹോദരന്മാരുടെയും, പുരോഹിതരുടെയും, സന്യാസിനികളുടെയും, പ്രാർത്ഥനകളും നന്ദിയും പരിശുദ്ധ പിതാവിനെ അറിയിക്കുന്നതായി കർദിനാൾ പിറ്റ്സബല്ല പറഞ്ഞു. ദുരന്തത്തിൽ അകപ്പെട്ട എല്ലാവരെയും തങ്ങൾ ചേർത്ത് നിർത്തുമെന്നും പാത്രിയാർക്കീസ് അറിയിച്ചു. നേരത്തെ, ലിയോ പതിനാലാമൻ പാപ്പായുമായി ഉക്രെയിൻ പ്രസിഡന്റ് വൊളോദിമിർ സെലെൻസ്കി വീണ്ടുമൊരു കൂടിക്കാഴ്ച നടത്തി. യുദ്ധത്തിന് അറുതിവരുത്തേണ്ടതിന്റെ അടിയന്തിരാവശ്യകതയെക്കുറിച്ച് ഇരുവരും ചർച്ചചെയ്തു. ചർച്ചകൾക്കായി റഷ്യയുടെയും ഉക്രെയിനിന്റെയും പ്രതിനിധികളെ സ്വീകരിക്കാൻ വത്തിക്കാൻ സന്നദ്ധമാണെന്ന് പാപ്പാ വീണ്ടും വെളിപ്പെടുത്തി. താൻ, വേനൽക്കാല വിശ്രമത്തിലായിരിക്കുന്ന കാസിൽ ഗന്തോൾഫൊയിലെ വസതിയിൽ സ്വീകരിച്ച വേളയിലാണ് പാപ്പാ ഈ സന്നദ്ധത ആവർത്തിച്ചത്. ഇരുവരും തമ്മിലുള്ള രണ്ടാമത്തെ നേർക്കാഴ്ചയായിരുന്നു ഇത്. നീതിപൂർവ്വകവും സുസ്ഥിരവുമായ സമാധന വഴികൾ കണ്ടെത്തേണ്ടതിന്റെ അടിയന്തിരാവശ്യകതയെക്കുറിച്ച് പാപ്പായും പ്രസിഡന്റും ചർച്ച ചെയ്തുവെന്ന് പരിശുദ്ധസിംഹാസനത്തിന്റെ വാർത്താകാര്യാലയം പത്രക്കുറിപ്പിലൂടെ അറിയിച്ചു. ശത്രുത അവസാനിപ്പിക്കുന്നതിനുള്ള സവിശേഷ മാർഗ്ഗമായ സംഭാഷണത്തിന്റെ പ്രാധാന്യം ഈ സൗഹൃദസംഭാഷണ വേളയിൽ ഇരുവരും ഊന്നിപ്പറഞ്ഞു. യുദ്ധത്തിന് ഇരകളായവരുടെ കാര്യത്തിലുള്ള വേദന പാപ്പാ വെളിപ്പെടുത്തുകയും ഉക്രെയിൻ ജനതയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരോടുള്ള തന്റെ സാമീപ്യം അറിയിക്കുകയും തടവുകാരുടെ മോചനത്തിനും പൊതുവായ പരിഹാരങ്ങൾ ആരായുന്നതിനുമുള്ള ശ്രമങ്ങൾക്ക് പ്രചോദനം പകരുകയും ചെയ്തു.ലിയോ പതിനാലാമൻ പാപ്പായുടെ സഭാഭരണാരംഭ ദിവ്യബലിയർപ്പിക്കപ്പെട്ട മെയ് 18ന് സെലെൻസ്കി വത്തിക്കാനിൽ പാപ്പായുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. അതിനു മെയ് 12ന് ഇരുവരും തമ്മിൽ ടെലെഫോൺ സംഭാഷണവും നടത്തി. ❍

# മധുരം സായന്തനം

ജൂലൈ 18

പി.ഒ.സി. പാലാരിവട്ടം





# വിറയ്ക്കുന്ന വിരലുകൾ ഏന്തുന്നത് പ്രത്യാശയുടെ മെഴുകുതിരി വെളിച്ചം ...


**ഡോ. എഡ്വേർഡ് എടേഴത്ത്**
**യു. എസ്. എ.**


**SPECIAL REPORT**



വയോജനങ്ങളിൽ നിന്നൊഴുകുന്ന സ്നേഹം ഏവർക്കും ഊർജ്ജവും പ്രത്യാശയും ആശ്വാസവും പ്രദാനംചെയ്യുന്നുവെന്ന് മുത്തശ്ശീമുത്തച്ഛന്മാർക്കും വയോജനത്തിനും വേണ്ടിയുള്ള അഞ്ചാം ലോകദിനത്തിനുള്ള സന്ദേശത്തിൽ ലിയോ പതിനാലാമൻ പാപ്പാ.വിശുദ്ധരായ യൊവാക്കിമിന്റെയും അന്നയുടെയും തിരുനാളിനോടുത്തുവരുന്ന ജൂലൈ മാസത്തിലെ അവസാന ഞായറാഴ്ചയാണ് അനുവർഷം ഈ ദിനാചരണം. ഇക്കൊല്ലം ഇത് ജൂലൈ 27 നാണ്. 'പ്രത്യാശ കൈവെടിയാത്തവർ ഭാഗ്യവാന്മാർ' എന്ന വേദപുസ്തക വാക്യമാണ് (പ്രഭാഷകന്റെ പുസ്തകം പതിനാലാം അദ്ധ്യായത്തിലെ രണ്ടാം വചനം) ഈ ദിനാചരണത്തിന്റെ വിചിന്തനപ്രമേയം. വയോജനത്തിനുള്ള, ദൈവത്തിൽ രൂഢമൂലമായ, സജീവ സ്നേഹത്തിന്റെ അടയാളങ്ങൾ നമുക്ക് ധൈര്യം പ്രദാനം ചെയ്യുകയും 'നമ്മിലെ ബാഹ്യ മനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കയാണെങ്കിലും ആന്തരിക മനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു' എന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നുവെന്ന് പാപ്പാ സന്ദേശത്തിൽ ഉദ്ബോധിപ്പിക്കുന്നു.

## പ്രത്യാശയുടെ അടയാളങ്ങൾ

വാർദ്ധാക്യത്തിലെത്തിയതിനാൽ സന്താനഭാഗ്യം ഉണ്ടാകില്ലെന്നു കരുതിയ അബ്രഹാമിനും സാറായ്ക്കും, അതുപോലെതന്നെ, സഖറിയാ–എലിസബത്ത് വൃദ്ധദമ്പതികൾക്കും ദൈവം മക്കളെ വാഗ്ദാനം ചെയ്യുകയും അങ്ങനെ അവരിൽ പ്രത്യാശനിറയ്ക്കുകയും ചെയ്യുന്ന വേദപുസ്തകസംഭവങ്ങൾ പാപ്പാ സന്ദേശത്തിൽ അനുസ്മരിക്കുകയും വയോജനം പ്രത്യാശയുടെ അടയാളങ്ങളാണെന്നും വാർദ്ധാക്യത്തിലെത്തിയവർക്കും പ്രത്യാശപുലർത്താൻ കഴിയുമെന്നും ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

ഇന്ന് പ്രായമായവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത നാം വിവേചിച്ചറിയാനും, നാം ജീവിക്കുന്ന ചരിത്രം നന്നായി വായിച്ചെടുക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്ന കാലത്തിന്റെ അടയാളമായി പരിണമിക്കുന്നുവെന്ന് പാപ്പാ ഓർമ്മിപ്പിക്കുന്നു.സഭയുടെയും ലോകത്തിന്റെയും ജീവിതം, വാസ്തവത്തിൽ, തലമുറകളുടെ തുടർച്ചയിലൂടെ മാത്രമേ മനസ്സിലാക്കാൻ കഴിയൂ. പ്രായാധിക്യത്തിലെത്തിയ ഒരാളെ ആശ്ലേഷിക്കുമ്പോൾ അത്, ചരിത്രം വർത്തമാനകാലത്തിൽ മാത്രം ഒതുങ്ങുന്നില്ലെന്നും, ക്ഷിപ്ര കണ്ടുമുട്ടലുകളിലും നുറുങ്ങു ബന്ധങ്ങളിലും അവസാനിക്കുന്നില്ലെന്നും, പ്രത്യുത, ഭാവിയോന്മുഖം നീങ്ങുന്നുവെന്നും മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

## സന്തോഷത്തിന്റെ ഉറവിടം

പ്രത്യാശയുടെ ജൂബിലി വർഷാചരണത്തെക്കുറിച്ചു പരാമർശിക്കുന്ന പാപ്പാ പ്രത്യാശ സദാ സന്താഷത്തിന്റെ ഉറവിടമാണെന്ന് കണ്ടെത്താൻ ഈ ആചരണം നമ്മെ സഹായിക്കുന്നുവെന്നും ജൂബിലി വേദപുസ്തകത്തിൽ ആരംഭം മുതൽ തന്നെ വിമോചനത്തിന്റെ ഒരുസമയമായിട്ടാണ് ആചരിച്ചിരുന്നതെന്നും പറയുന്നു. ഈ വീക്ഷണത്തിൽ നമ്മളും വയോജനത്തോടൊപ്പം വിമോചനം, വിശിഷ്യ, ഏകാന്തതയിലും പരിത്യക്താവസ്ഥയിലും നിന്നുള്ള വിടുതൽ ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് ഓർമ്മിപ്പിക്കുന്നു. നമ്മുടെ സമൂഹങ്ങൾ, എല്ലായിടങ്ങളിലും, ഇത്രയും സുപ്രധാനവും സമ്പന്നവുമായ ഒരു വിഭാഗത്തെ മിക്കപ്പോഴും പാർശ്വവത്ക്കരിക്കുകയും വിസ്മരിക്കുകയും ചെയ്യുന്നത് ഒരു ശീലമാക്കിയിരിക്കയാണെന്ന വസ്തുത പാപ്പാ ചൂണ്ടിക്കാട്ടുകയും ഏതു പ്രായത്തിലും പ്രത്യാശയുടെ അടയാളമായിരിക്കാൻ നമുക്കു കഴിയട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

## 'ഹൃദയത്തിന്റെ മത്സരം'

കായിക, രാഷ്ട്രീയ, സംഗീത ഇടങ്ങൾ മാത്സര്യത്തിനതീതമായി പൊതുനന്മയ്ക്കായുള്ള ഐക്യത്തിന്റെയും കണ്ടുമുട്ടലിന്റെയും സംസ്കാരം പ്രോത്സാഹിപ്പിക്കണമെന്ന് ലെയോ പതിനാലാമൻ പാപ്പാ പറഞ്ഞു. ഇറ്റലിയിലെ ആക്വിലയിൽ 'ഹൃദയത്തിന്റെ മത്സരം' എന്ന പേരിലുള്ള ഫുട്ബോൾ മത്സരത്തിലേക്കായി നൽകിയ വീഡിയോ സന്ദേശത്തിലാണ് സമാധാനവും ഐക്യവും പ്രോത്സാഹിപ്പിക്കുന്നതിനായുള്ള കണ്ടുമുട്ടലുകളുടെ പ്രാധാന്യത്തെക്കുറിച്ച് പാപ്പാ ഓർമ്മിപ്പിച്ചത്. നമ്മുടെ സഹായം ആവശ്യമുള്ള, പ്രത്യേകിച്ച് യുദ്ധമേഖലകളിൽനിന്ന് ഇറ്റലിയിലെത്തിയ കുട്ടികൾക്കുവേണ്ടിയുള്ള കാരുണ്യപ്രവർത്തനങ്ങൾക്കായുള്ള ധനസമ്പാദനത്തിന്റെ കൂടി ഭാഗമായി നടക്കുന്ന ഈ കായികമത്സരം പോരാട്ടത്തിന്റേതല്ല, കണ്ടുമുട്ടലിന്റെ ആശയമാണ് മുന്നോട്ടുവയ്ക്കുന്നതെന്ന് ലെയോ പതിനാലാമൻ പാപ്പാ അഭിപ്രായപ്പെട്ടു. മുറിവേറ്റ ഹൃദയങ്ങളെ ഐക്യത്തിലേക്ക് നയിക്കുന്നതിനായി




പരസ്പരം കണ്ടുമുട്ടുകയെന്നതാണ് ഏറ്റവും വലിയ വെല്ലുവിളി.ദൈവത്തിന്റെ ഹൃദയത്തിൽ നാമെല്ലാവരും ഒന്നാണെന്നും, ഹൃദയമാണ് ദൈവവും മറ്റു മനുഷ്യരുമായുള്ള കണ്ടുമുട്ടലിന്റെ ഇടമെന്നും പാപ്പാ കൂട്ടിച്ചേർത്തു. നാശവും മരണവും വിതയ്ക്കാനായല്ല, ജീവനും പരിപാലനത്തിനുമായാണ് 'ഹൃദയത്തിന്റെ മത്സരമെന്ന' ഈ ഫുട്ബോൾ മത്സരം നടക്കുന്നതെന്ന വസ്തുത ഏറെ പ്രധാനപ്പെട്ടതാണെന്ന് പാപ്പാ പ്രസ്താവിച്ചു. കായികമത്സരങ്ങൾ ശരിയായ രീതിയിൽ നടക്കുകയും, അതിൽ പങ്കെടുക്കുന്നവരും അതിനെ പ്രോത്സാഹിപ്പിക്കുന്നവരും ശരിയായ രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുമ്പോൾ, അവ പോരാട്ടമോ മത്സരമോ അല്ല, കണ്ടുമുട്ടലിന്റെ അവസരങ്ങളായി മാറും. ടെലിവിഷൻ പോലും മറ്റുള്ളവരുമായി ബന്ധിപ്പിക്കുക എന്നതിനേക്കാൾ കാഴ്ചയിലുള്ള ഐക്യം വളർത്തുന്നതാകേണ്ടതിന്റെ പ്രാധാന്യവും പാപ്പാ എടുത്തുപറഞ്ഞു. രാഷ്ട്രീയ രംഗത്തും സംഗീത രംഗത്തുമുള്ള ആളുകൾ ഉൾക്കൊള്ളുന്ന രണ്ടു ടീമുകളെക്കുറിച്ചും സംസാരിക്കവേ പൊതുനന്മയ്ക്കായി പരസ്പരം കണ്ടുമുട്ടാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ രാഷ്ട്രീയത്തിന് ആളുകളെ ഒരുമിപ്പിക്കാനാകുമെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. നമ്മുടെ വാക്കുകളെയും ഓർമ്മകളെയും കൂടുതൽ ഭംഗിയുള്ളതാക്കി മാറ്റുന്നതിൽ സംഗീതത്തിനുള്ള പ്രാധാന്യവും പാപ്പാ പ്രത്യേകം പരാമർശിച്ചു.❍



തൃശൂർ സഹൃദയവേദി ഏർപ്പെടുത്തിയ മേനാച്ചേരി എരിഞ്ഞേരി തോമ മാധ്യമ പുരസ്കാരം, ദീപിക കൊച്ചി ബ്യൂറോ ചീഫ് സിജോ പൈനാടത്ത്, മുൻ സംസ്ഥാന വിവരാവകാശ കമ്മീഷണറും റിട്ട.ജഡ്ജിയുമായ ഡോ. പി.എൻ. വിജയകുമാറിൽ നിന്ന് സിജോ പൈനാടത്ത് ഏറ്റുവാങ്ങുന്നു.



# യുവത്വവും പ്രതിബദ്ധതയും ഉള്ളവർ

**ക്രിസ്തു ജീവിക്കുന്നു – ഭാഗം 23**

***വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പുതിയ പ്രബോധനപരമ്പര.***



അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

**168.** അക്രമവും സ്വാർത്ഥതയും നിറഞ്ഞ ഒരു ലോകത്തെ കാണുമ്പോൾ, സമൂഹത്തിലും കൂടുതൽ വിശാലമായ ലോകത്തിലും ജീവിതം ഉന്നയിക്കുന്ന വെല്ലുവിളികളും വിഷയങ്ങളും ഒഴിവാക്കിക്കൊണ്ട്, ചെറിയ സംഘങ്ങളിലേക്കു പിൻവലിയാൻ യുവജനങ്ങൾക്ക് പ്രലോഭനം ഉണ്ടാകാം. അവർ സാഹോദര്യവും സ്നേഹവും അനുഭവിക്കുകയാണെന്ന് അവർക്ക് തോന്നിയേക്കാം. എന്നാൽ, അവരുടെ ചെറിയ സംഘം വാസ്തവത്തിൽ അവരുടെ അഹം(ego)ബോധത്തിന്റെ ഒരു വിപുലീകരണമല്ലാതെ മറ്റൊന്നുമല്ലാതായിത്തീർന്നേക്കും. അത്മായരുടെ ദൈവവിളിയെക്കുറിച്ച് കേവലം സഭയ്ക്കുള്ളിലെ സേവനത്തിന്റെ ഒരു രൂപമായി അവർ ചിന്തിക്കുന്നപക്ഷം, ഇത് കൂടുതൽ ഗൗരവമുള്ളതാണ്. വിശുദ്ധലിഖിത വായനക്കാരും വൈദികരുടെ സഹായികളും മതാദ്ധ്യാപകരും മറ്റുമായി സേവനം അനുഷ്ഠിക്കുന്നത്. അത്മായരുടെ ദൈവവിളി സർവോപരി കുടുംബത്തിലെ ഉപവിയെയും സാമൂഹികവും രാഷ്ട്രീയവുമായ ഉപവിയെയും ലക്ഷ്യമാക്കുന്നുവെന്നുള്ളത് അവർ വിസ്തരിക്കുന്നു. ഒരു പുതിയ സമൂഹം നിർമ്മിക്കാനുള്ള, സമൂർത്തവും വിശ്വാസത്തിൽ അധിഷ്ഠിതവുമായ ഒരു പ്രതിബദ്ധതയാണത്. സുവിശേഷം എല്ലായിടത്തേക്കും കൊണ്ടുവരാൻ വേണ്ടി, സമാധാനത്തിന്റെയും പൊരുത്തത്തിന്റെയും നീതിയുടെയും മനുഷ്യാവകാശങ്ങളുടെയും കാരുണ്യത്തിന്റെയും വളർച്ചയ്ക്കുവേണ്ടിയും, അങ്ങനെ ഈ ലോകത്തിൽ ദൈവരാജ്യത്തിന്റെ വ്യാപനത്തിനുവേണ്ടിയും, പ്രവർത്തിക്കുന്നതിന് സമൂഹത്തിന്റെയും ലോകത്തിന്റെയും മധ്യത്തിൽ ജീവിക്കുന്നത് അതിൽ ഉൾപ്പെടുന്നു. **169.** അവരുടെ ചെറിയ സംഘങ്ങളുടെ അപ്പുറത്തേക്കു കടക്കാനും "എല്ലാവരും പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തി



ക്കുന്ന സാമൂഹിക സൗഹൃദം" നിർമ്മിക്കാനും ഞാൻ യുവജനങ്ങളോട് അഭ്യർത്ഥിക്കുന്നു. "മറിച്ച്, സാമൂഹിക ശത്രുത നശീകരണാത്മകമാണ്. കുടുംബങ്ങൾ ശത്രുതയാൽ നശിപ്പിക്കപ്പെടുന്നു. രാജ്യങ്ങൾ ശത്രുതയാൽ നശിപ്പിക്കപ്പെടുന്നു. ലോകം ശത്രുതയാൽ നശിപ്പിക്കപ്പെടുന്നു. എല്ലാവരുടെയും ഏറ്റവും വലിയ ശത്രു യുദ്ധമാണ്. ഇന്ന് യുദ്ധം വഴി ലോകം അതിനെത്തന്നെ നശിപ്പിക്കുന്നതായി നാം കാണുന്നു. അതുകൊണ്ട്, സാമൂഹിക സൗഹൃദം നിർമ്മിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുവിൻ." അത് എളുപ്പമല്ല. എപ്പോഴും അതിന്റെ അർത്ഥം നാം ചിലത് ഉപേക്ഷിക്കണമെന്നും കൂടിയാലോചന നടത്തണമെന്നുമാണ്. എന്നാൽ, മറ്റുള്ളവരെ സഹായിക്കാൻ വേണ്ടി നാം അതു ചെയ്യുന്ന പക്ഷം, നമ്മുടെ ഭിന്നതകൾ മാറ്റിവച്ചുകൊണ്ട് കൂടുതൽ വലിയ ഒന്നിനുവേണ്ടി ഒന്നിച്ചു പ്രവർത്തിക്കുക എന്ന ഉജ്ജ്വലമായ അനുഭവം നമുക്കുണ്ടാകും. നമ്മുടെ സാധാരണവും ചിലപ്പോൾ ചെലവധികവുമായ പരിശ്രമങ്ങളുടെ ഫലമായി സംഘർഷത്തിന്റെ മധ്യത്തിൽ യോജിക്കാവുന്ന കാര്യങ്ങൾ കണ്ടെത്തുന്നുവെങ്കിൽ, പാലങ്ങൾ നിർമ്മിക്കുകയും എല്ലാവരുടെയും പ്രയോജനത്തിനുവേണ്ടി സമാധാനം ഉണ്ടാക്കുകയും ചെയ്യുവിൻ. അപ്പോൾ നാം നേർക്കാഴ്ചയുടെ സംസ്കാരത്തിന്റെ അത്ഭുതം അനുഭവിക്കും. ഉത്സാഹത്തോടുകൂടി പിൻതുടരുന്നതിന് യുവജനങ്ങൾക്ക് ധീരത പ്രകടിപ്പിക്കാവുന്ന ഒന്നാണിത് **170.** "മുൻ തലമുറകളിൽനിന്ന് ഒരു വ്യത്യസ്ത മാർഗത്തിലാണെങ്കിലും, സാമൂഹിക പ്രതിബദ്ധത ഇന്നത്തെ യുവജനങ്ങളുടെ ഒരു പ്രത്യേക സവിശേഷതയാണെന്ന്" സിനഡ് അംഗീകരിക്കുകയുണ്ടായി. 'ഉദാസീനരായ ചിലരോടൊപ്പം, സന്നദ്ധപ്രവർത്തനത്തിന്റെയും സജീവ പൗരത്വത്തിന്റെയും സാമൂഹിക ഐക്യദാർഢ്യത്തിന്റെയും ഉദ്യമങ്ങൾക്ക് തങ്ങളെത്തന്നെ പ്രതിബദ്ധരാക്കാൻ തയ്യാറുള്ള മറ്റനേകരുണ്ട്. അവരുടെ കഴിവുകളും നൈപുണ്യങ്ങളും ക്രിയാത്മകമായി ഉപയോഗിക്കുന്നതിന് അവരോടു കൂടെയായിരിക്കേണ്ടതും അവരെ പ്രോത്സാഹിപ്പിക്കേണ്ടതും ആവശ്യമാണ്. അവരുടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കണം. സാമൂഹികപ്രവർത്തനവും ദരിദ്രരോടു നേരിട്ടുള്ള സമ്പർക്കവും വിശ്വാസവും ഒരുവന്റെ ദൈവവിളി വിവേചിച്ചറിയാനും ആഴപ്പെടുത്താനും ഉള്ള മൗലിക മാർഗ്ഗങ്ങളായി നിലകൊള്ളുന്നു. പൊതുനന്മയ്ക്കു വേണ്ടി, രാഷ്ട്രീയ ജീവിതത്തിൽ പ്രവേശിക്കാൻ യുവജനങ്ങൾ തയ്യാറാണെന്നുള്ളതും ശ്രദ്ധിക്കപ്പെട്ടു. **171.** ഇന്ന്, ദൈവത്തിനു നന്ദി പറയാം, ഇടവകകളിലെയും വിദ്യാലയങ്ങളിലെയും പ്രസ്ഥാനങ്ങളിലെയും സർവകലാശാല സംഘങ്ങളിലെയും അനേകം യുവജനങ്ങൾ വൃദ്ധരുമായും ഭിന്നശേഷിക്കാരുമായും സമയം ചെലവഴിക്കാൻ വേണ്ടി, അഥവാ ദരിദർ പാർക്കുന്ന സമീപപ്രദേശങ്ങൾ സന്ദർശിക്കാൻ, അഥവാ 'ഉപവിയുടെ രാത്രികളി'ലൂടെ ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ, പലപ്പോഴും വെളിയിൽ പോകുന്നു. പലപ്പോഴും, അവിടെ അവർ നൽകുന്നതിനേക്കാൾ വളരെ കൂടുതൽ അവർക്കു ലഭിക്കുന്നതായി അവർ മനസ്സിലാക്കാൻ ഇടയാകുന്നു. അന്യരുടെ സഹനത്തിൽ സ്പർശിക്കാൻ സമയമെടുക്കുമ്പോൾ, നാം ജ്ഞാനത്തിലും പക്വതയിലും വളരുകയാണ്. ദരിദ്രരിൽ മറഞ്ഞിരിക്കുന്ന

ഒരു ജ്ഞാനമുണ്ട്. ഏതാനും സാധാരണ വാക്കുകൾകൊണ്ട്, അപ്രതീക്ഷിതമൂല്യങ്ങൾ കണ്ടെത്തുന്നതിന് നമ്മെ സഹായിക്കാൻ അവർക്കു കഴിയും. 172, ഭവനരഹിതർക്ക് ഭവനങ്ങൾ നിർമ്മിക്കുന്ന, അഥവാ മലീമസമായ മേഖലകൾ വീണ്ടെടുക്കുന്ന, അഥവാ ദരിദ്രർക്ക് വിവിധതരത്തിലുള്ള സഹായം നൽകുന്ന, സാമൂഹിക പരിപാടികളിൽ മറ്റു യുവജനങ്ങൾ പങ്കെടുക്കുന്നു. കൂടുതൽ സുസ്ഥിരമായ മാർഗത്തിലും വ്യക്തമായ ലക്ഷ്യത്തിലും പങ്കുചേർന്നു ഊർജ്ജം ഒഴുക്കുന്നതും സംഘടിപ്പിക്കുന്നതും കൂടുതൽ സഹായകരമായിരിക്കും. വിവിധ വിഷയങ്ങളുടെ ഇടയിലുള്ള ഒരു രീതിയിൽ ഇതര സഭകളിലെയോ മതങ്ങളി ലെയോ യുവ ജനങ്ങളോടുചേർന്ന്, സാമൂഹിക പ്രശ്നങ്ങൾക്കു പരിഹാരങ്ങൾ നിർദ്ദേശിക്കാൻ വേണ്ടി, സർവ്വകലാശാല വിദ്യാർത്ഥികൾക്കു തങ്ങളുടെ അറിവ് ഉപയോഗിക്കാൻ കഴിയും. **173.** യേശുവിന്റെ അത്ഭുതത്തിലെപ്പോലെ, യുവജനങ്ങൾ നൽകുന്ന അപ്പത്തിനും മീനിനും വർദ്ധിക്കാൻ കഴിയും (cf. യോഹ. 6:4–13). ഉപമയിലെപ്പോലെ, യുവജനങ്ങൾ വിതയ്ക്കുന്ന ചെറിയ വിത്തുകൾക്ക് സമ്പന്നമായ ഒരു വിളവ് നൽകാൻ കഴിയും (cf. മത്താ. 13:23, 31–32). ഇവയെല്ലാം അതിന്റെ സജീവ ഉറവിടം ദിവ്യകാരുണ്യത്തിലുണ്ട്. അതിൽ നമ്മുടെ അപ്പവും നമ്മുടെ വീഞ്ഞും നമുക്കു നിത്യജീവൻ നൽകാനുള്ളതായി മാറുന്നു. യുവജനങ്ങൾ വമ്പിച്ചതും പ്രയാസകരവുമായ വെല്ലുവിളികൾ നേരിടുന്നുണ്ട്. ഉത്ഥിതനായ നാഥനിലുള്ള വിശ്വാസത്തോടുകൂടി, യേശുവിന്റെ ആദ്യത്തെ അത്ഭുതത്തിൽ അറിയാതെ സഹകരിച്ച്, വിവാഹവിരുന്നിലെ പരിചാരകന്മാരെപ്പോലെ എപ്പോഴും സേവനസന്നദ്ധനായി, അവർക്ക് അവയെ സർഗ്ഗാത്മകതയോടും പ്രത്യാശയോടും കൂടി നേരിടാൻ കഴിയും. അവിടുത്തെ അമ്മയുടെ കല്പന അനുസരിക്കുന്നതിനേക്കാൾ കൂടുതലായി അവർ ഒന്നും ചെയ്തില്ല. "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ. 2:5), കാരുണ്യവും ക്രിയാത്മകതയും പ്രത്യാശയും ജീവിതത്തെ വളർത്തുന്നു. **174.** ഈ പരിശ്രമത്തിൽ നിങ്ങളെ എല്ലാവരെയും പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കു ന്നു. എന്തെന്നാൽ, "മെച്ചപ്പെട്ട ഒരു ലോകം നിർമ്മിക്കാൻ നിങ്ങളുടെ യുവഹൃദയങ്ങൾ ആഗ്രഹി ക്കുന്നു" എന്ന് എനിക്കറിയാം, "കൂടുതൽ നീതിയും സാഹോദര്യവും ഉള്ള ഒരു സമൂഹത്തിനുവേണ്ടിയുള്ള ആഗ്രഹം പ്രകടമാക്കാൻ തെരുവുകളിലേക്കിറങ്ങിയ, ലോകത്തിലുടനീളമുള്ള അനേകം യുവജനങ്ങളെ സംബന്ധിച്ച വാർത്തകളുടെ റിപ്പോർട്ടുകൾ ഞാൻ പിന്തുടർന്നിട്ടുണ്ട്. തെരുവുകളിലേക്കിറങ്ങുന്ന യുവജനങ്ങൾ! മാറ്റത്തിന്റെ നായകന്മാരാകാൻ യുവജനങ്ങൾ ആഗ്രഹിക്കുന്നു. ദയവായി, മാറ്റത്തിന്റെ നായകന്മാരാകുന്നത് മറ്റുള്ളവർക്ക് വിട്ടുകൊടുക്കരുത്. ഭാവി കൈവശം വയ്ക്കുന്നവരാണ് നിങ്ങൾ. നിങ്ങളിലൂടെ ലോകത്തിലേക്കു ഭാവി പ്രവേശിക്കുന്നു. ഈ പരിവർത്തനത്തിന്റെ നായകന്മാരാകാനും നിങ്ങളോട് ഞാൻ ആവശ്യപ്പെടുന്നു. ഭാവിയിലേക്കുള്ള താക്കോൽ സൂക്ഷിക്കുന്നവർ നിങ്ങളാണ്. ഉദാസീനതയ്ക്ക് എതിരെ പോരാടുന്നതും ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ ആവിർഭവിക്കുന്ന സാമൂഹികവും രാഷ്ട്രീയവുമായ പ്രയാസങ്ങൾക്ക് ഒരു ക്രൈസ്തവ പ്രത്യുത്തരം നൽകുന്നതും തുടരുക. ഭാവി നിർമ്മിക്കാൻ, മെച്ചപ്പെട്ട ഒരു ലോകത്തിനുവേണ്ടി പ്രവർത്തിക്കാൻ, നിങ്ങളോട് ഞാൻ അഭ്യർത്ഥിക്കുന്നു. പ്രിയപ്പെട്ട യുവജനങ്ങളേ, ദയവായി ജീവിതത്തിൽ കാഴ്ചക്കാരാകാതിരിക്കുക. നിമഗ്നരാകുക! യേശു ഒരു കാഴ്ച്ചക്കാരനായിരുന്നില്ല. അവിടുന്ന് നിമഗ്നനാക്കിയിരുന്നു. മാറിനിൽക്കാതെ, യേശു ചെയ്തതുപോലെ ജീവിതത്തിന്റെ യാഥാർത്ഥ്യത്തിൽ നിങ്ങളെത്തന്നെ നിമഗ്നരാവിൻ. സർവോപരി, ഒരു മാർഗ്ഗത്തിലല്ലെങ്കിൽ മറ്റൊന്നിൽ, പൊതുനന്മയ്ക്കുവേണ്ടി പോരാടുക, ദരിദ്രരെ സേവിക്കുക, ഉപഭോഗവാദത്തിന്റെയും ഉപരിപ്ലവപരമായ വ്യക്തിവാദത്തിന്റെയും രോഗലക്ഷണശാസ്ത്രങ്ങളെ പ്രതിരോധിക്കാൻ കഴിയുന്ന, ഉപവിയുടെയും സേവനത്തിന്റെയും വിപ്ലവത്തിന്റെയും നായകന്മാരാകുവിൻ. ❍

പി.ഒ.സി

# വാങ്മയം

## സിസ്റ്റർ മേരി ബനീഞ്ഞ്ജയുടെ കാവ്യലോകം

ജൂലൈ 15

പി.ഒ.സി. പാലാരിവട്ടം
















കേരള കത്തോലിക്കാ മെത്രാൻ സമിതി

ഓർമ്മ / ആദരം

# ഇവർ നമ്മെ സ്നേഹിച്ചിരുന്നു

**ഈയിടെ അന്തരിച്ച ഫാ. സിറിയക് തെക്കേക്കുറ്റ് എം.സി.ബി.എസ്., ഫാ. ജോർജ് ഒളാട്ടുപുറം ഒ.സി.ഡി., സി. ഹ്യൂമിലീൻ എസ്.ഐ.സി . എന്നിവരെക്കുറിച്ചുള്ള ഓർമയെഴുത്താണിത്**




**വി.സി. ജോർജ്കുട്ടി**
(ജനറൽ സെക്രട്ടറി,
കേരള കാത്തലിക് ഫെഡറേഷൻ)



## ഫാ. സിറിയക് തെക്കേക്കുറ്റ് MCBS

കൈയിൽ തൂക്കിയ ഒരു ചെറു ബാഗ്, മറു കൈയിൽ നീണ്ട കാലുകളുള്ള ഒരു കുട, ചെരിപ്പില്ലാത്ത നടത്തം, ഒരു ഗുരുപാതയുടെ നൈർമല്യംപേറി, ഒരു ചെറുകാറ്റിന്റെ സൗമ്യതയോടെ നടന്നുനീങ്ങിയ സന്ന്യാസവര്യൻ. ഈ വിശേഷണങ്ങൾപോലും ഫാ. സിറിയക് തെക്കേക്കുറ്റ് എന്ന വന്ദ്യ വൈദികനെ വിശേഷിപ്പിക്കാൻ മതിയാവില്ല. ദിവ്യകാരുണ്യ മിഷണറിസഭയുടെ ആദ്യകാലത്തെ അംഗങ്ങളിൽ ഒരാളായ സിറിയക് അച്ചൻ, കേരളത്തിൽ മാത്രമല്ല, കേരളത്തിനു പുറത്തും ദിവ്യകാരുണ്യത്തിന്റെ പ്രേഷിതനായി കടന്നുപോവുകയുണ്ടായി. നിരവധി വൈദികരുടെയും സമർപ്പിതരുടെയും ജീവിതങ്ങളിൽ ആവശ്യമുള്ളപ്പോഴെല്ലാം യേശുസാന്നിധ്യമായി മാറിയെന്ന് നിരവധിപേരുടെ ജീവിതസാക്ഷ്യങ്ങളുണ്ട്. തന്റെ സന്ന്യാസ സഭയെക്കുറിച്ചുള്ള ചരിത്രഗ്രന്ഥം കഴിഞ്ഞാൽ സിറിയക്കച്ചൻ ഏറ്റവും കൂടുതൽ എഴുതിയിട്ടുള്ളത് പരിശുദ്ധാ

അമ്മയെക്കുറിച്ചും വിശുദ്ധരെക്കുറിച്ചുമാണ്. പല സന്ന്യാസിനീ സഭകളുടെയും സ്ഥിരം കുമ്പസാരക്കാരനായിരുന്നു സിറിയക്കച്ചൻ. ദിവ്യബലിയർപ്പണം കഴിഞ്ഞാൽ, കുമ്പസാരിക്കാൻ വരുന്നവരെക്കാൾ കൂടുതൽ സമയം അച്ചൻ സക്രാരിക്കു മുമ്പിൽ പ്രാർഥിച്ചിരിക്കും. കോട്ടയത്തുനിന്ന് ബസ് കയറി പുതുപ്പള്ളിയിലെത്തുന്ന സിറിയക് അച്ചൻ കാൽനടയായി എല്ലാ ശനിയാഴ്ചതോറും മഠത്തിലെത്തിയാൽ നേരെപോകുന്നത് മഠംവക ചാപ്പലിലേക്കായിരുന്നുവെന്ന് അവിടെയുള്ള കമില്ലസ് സന്ന്യാസിനി മഠത്തിലെ ഒരു സിസ്റ്റർ പറയുകയുണ്ടായി. അൾത്താരയിൽ അർപ്പിക്കുന്ന ദിവ്യബലിയുടെ കാരുണ്യസ്പർശം എന്നും സിറിയക്കച്ചന്റെ ഉപദേശങ്ങളിൽ തൊട്ടറിഞ്ഞിരുന്നുവെന്ന് അതേ സന്ന്യാസിനി തന്നെ ഓർമിക്കുന്നു. ജപമാല, യാമപ്രാർഥന, സുകൃതജപങ്ങളുടെ നിരന്തരമായ ഏറ്റുപറച്ചിൽ ഇതല്ലാതെ മറ്റൊന്നും തന്റെ അധരങ്ങളിലെത്തരുതെന്ന് നിഷ്ഠ പുലർത്തിയിരുന്ന ആ വൈദികശ്രേഷ്ഠന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.



## ഫാ. ജോർജ് ഒളാട്ടുപുറം OCD

'അവൻ നമ്മെ സ്നേഹിച്ചു' എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ഏറ്റവും ഒടുവിലത്തെ ചാക്രിക ലേഖനത്തിൽ ഒരു വാചകമുണ്ട്: "കുനിഞ്ഞിറങ്ങലും നിസ്സാരതയും വഴിയായി ദൈവം നമ്മുടെ പക്കലേക്ക് വരാൻ തീരുമാനിച്ചു! ക്രിസ്തുവചനങ്ങളുടെ വിശ്വസ്ത സൂക്ഷിപ്പുകാരനായിരുന്ന ഫാ. ജോർജ് ഒളാട്ടുപുറം ഒ.സി.ഡി. പാണ്ഡിത്യത്തിൽ യാതൊരുവിധത്തിലുള്ള യാതൊരു ബാഹ്യാവരണവും ഒരിക്കലും അണിഞ്ഞിരുന്നില്ല. ഒരു ബൈബിൾ പണ്ഡിതനായിരുന്നുവെങ്കിലും വേദവാക്യങ്ങളുടെ മൗനവഴികളിലായിരുന്നു ഈ സന്ന്യാസവര്യന്റെ ചെരിപ്പ് ധരിക്കാതെയുള്ള യാത്ര. പള്ളിപ്പുറം മഞ്ഞുമാതാവിന്റെ ഇടവകയിൽ ജനിച്ച ഫാ. ജോർജ് ഒളാട്ടുപുറത്തിന്റെ ശിഷ്യസമ്പത്ത് ഏറെ വിപുലമാണ്. ഒരു കർമലീത്താ മിഷണറിയുടെ ചൈതന്യം ആ ജീവിതത്തെ എന്നും പൊതിഞ്ഞുനിന്നു. ആലുവ മംഗലപ്പുഴ–കാർമൽ സെമിനാരികളിലും കളമശ്ശേരി ജ്യോതിർഭവൻ ദൈവശാസ്ത്രപീഠത്തിലും പഠിപ്പിച്ചിരുന്ന ജോർജച്ചൻ എപ്പോഴും തന്റെ വചനബോധന പ്രക്രിയയിൽ നിരന്തരം അസാമാന്യ ജാഗ്രത പുലർത്തി. ജോർജച്ചന്റെ മൃതദേഹ സംസ്കരണ ശുശ്രൂഷയിൽ കോട്ടപ്പുറം മെത്രാൻ റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിലായിരുന്നു മുഖ്യ കാർമ്മികൻ. നൂറോളം സഹകാർമികർ ഈ ദിവ്യ ബലിയിൽ പങ്കെടുത്തത് ഈ ഗുരുസ്ഥാനീയനുള്ള ആദരപ്രകടനമായി. ഏറെ പ്രഖ്യാതമായ കുടുംബപശ്ചാത്തലവും പാരമ്പര്യവുമുണ്ടായിട്ടും, പൗരോഹിത്യ ജീവിതത്തിൽ ആ പകിട്ടൊന്നും പുലർത്താനോ പിന്തുടരാനോ ജോർജച്ചൻ സന്നദ്ധനായിരുന്നില്ല. ഒരു ധ്യാനഗുരുവിന്റെ ലളിതജീവിതമാണ് ജോർജച്ചൻ നയിച്ചിരുന്നത്. ഫാ. ജോർജ് ഒളാട്ടുപുറത്തിന്റെ അധ്യാപന ശുശ്രൂഷ കർമലീത്താ സന്ന്യാസ സഭയിൽ മാത്രം ഒതുങ്ങിനിന്നില്ല. വൈദിക, സമർപ്പിത പരിശീലനരംഗത്ത് ജോർജച്ചൻ നല്കിയ സംഭാവനകൾ കേരളസഭ എന്നും ഓർമിക്കും.




# സി. ഹ്യൂമിലീന
## എസ്.ഐ.സി.

വിദ്യാഭ്യാസം നല്കുകവഴി മനുഷ്യമനസ്സുകളിലേക്ക് മാനവികതയുടെ പാലങ്ങൾ പണിയാമെന്ന മലങ്കര കത്തോലിക്കാസഭയുടെ പുനരൈക്യശില്പി ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ദർശനപാതയിൽ സഞ്ചരിച്ച മിശിഹാനുകരണ സന്യാസിനീ സമൂഹാംഗമായ സിസ്റ്റർ ഹ്യൂമിലീനയുടെ സ്മരണയ്ക്കുമുന്നിൽ പ്രണാമം. മലങ്കര കത്തോലിക്കാസഭയുടെ മിഷണറി പ്രവർത്തനങ്ങൾക്ക് ഭാരതീയമായ ദർശനം പകർന്നു നല്കിയതിന്റെ പശ്ചാത്തലത്തിലാണ് മധ്യകേരളത്തിലെ പല കുലീന കുടുംബങ്ങളിലെയും യുവതീയുവാക്കൾ സന്ന്യാസം സ്വീകരിച്ചത്. തിരുവനന്തപുരം നാലാഞ്ചിറയിലും കായംകുളത്തും ചെങ്ങന്നൂരിലും അധ്യാപികയായി സേവനമനുഷ്ഠിച്ച സിസ്റ്റർ ഹ്യൂമിലീന പിൽക്കാലത്ത് എസ്.ഐ.സി.യുടെ പത്തനംതിട്ട പ്രൊവിൻഷ്യൽ പ്രൊക്കുറേറ്ററായി സേവനമനുഷ്ഠിക്കുകയുണ്ടായി. പെൺകുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിലും വീടുകൾ കയറിയുള്ള കുടുംബ മതബോധനത്തിലും ശ്രദ്ധപതിപ്പിച്ച സിസ്റ്റൾ ഹ്യമിലീന നിരവധി മഠങ്ങളിൽ സുപ്പീരിയറായിരുന്നു. തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ് ബർസാർ പരേതനായ ഫാ. അലക്സാണ്ടർ മാത്യു പണിക്കർ സഹോദരനാണ്. അഭിമാനിക്കാവുന്ന ഒരു ശിഷ്യസമ്പത്ത് സിസ്റ്റർ ഹ്യമിലീനയ്ക്കുണ്ട്. സിസ്റ്ററിന്റെ സംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്ത് പ്രാർഥിച്ചവരുടെ ബാഹുല്യംതന്നെ അതിനു തെളിവാണ്. കൊട്ടാരക്കര സദാനന്ദപുരം പൂമുറ്റത്ത് പരേതരായ മാത്തുണ്ണി പണിക്കർ–അന്നമ്മ ദമ്പതികളുടെ മകളാണ് സിസ്റ്റർ. സിസ്റ്ററിന്റെ നിസ്തുലമായ സേവനം ബഥനി സന്ന്യാസ സമൂഹത്തിന്റെ വളർച്ചയിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. സിസ്റ്ററിന്റെ ഓർമകൾക്കുമുമ്പിൽ പ്രണാമം.

**കെ.സി.ബി.സി. നാടക മത്സരം രചനകൾ ക്ഷണിക്കുന്നു**

കെ.സി.ബി.സി–യുടെ ആഭിമുഖ്യത്തിൽ 2025 സെപ്റ്റംബറിനു നടത്തപ്പെടുന്ന 36–)മത് അഖില കേരള പ്രൊഫഷണൽ നാടക മത്സരത്തിലേക്ക് രചനകൾ ക്ഷണിക്കുന്നു. ഡി.ടി.പി–യിൽ തയ്യാറാക്കിയ മൂന്നു പ്രതികളും റെജിസ്ട്രേഷൻ ഫീസായി 300 രൂപയുടെ ഡ്രാഫ്റ്റോ പോസ്റ്റൽ ഓർഡറോ രചനകൾക്കൊപ്പം ഓഗസ്റ്റ് 10–നു മുൻപായി അയക്കേണ്ടതാണ്. രചനകളുടെ മൂന്ന് കോപ്പികൾ തപാലിലോ നേരിട്ടോ നൽകാവുന്നതാണ്.

അയക്കേണ്ട വിലാസം : **ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ,**
സെക്രട്ടറി, കെ.സി.ബി.സി. മീഡിയ കമ്മീഷൻ,
പി.ഓ.സി., പാലാരിവട്ടം, കൊച്ചി
ഫോൺ 9446024490




വാർത്തയും ചിന്തയും

# സഹോദരരല്ലേ നാം? എന്തിന് ശത്രുത?

**ആന്റണി ചടയംമുറി**

**വാർത്ത**


തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പും നിയമസഭാ തെരഞ്ഞെടുപ്പും കേരളത്തിൽ ഉടനെ നടക്കാൻ പോകുകയാണ്. ഇതിൽ പഞ്ചായത്ത് ഇലക്ഷനാണ് ആദ്യം. രണ്ട് തെരഞ്ഞെടുപ്പുകൾക്കുമായുള്ള മുന്നൊരുക്കങ്ങൾ രാഷ്ട്രീയ പാർട്ടികൾ ആരംഭിച്ചിട്ടുണ്ട്. ഈ തെരഞ്ഞെടുപ്പിനെ പാർട്ടികൾ ഏറെ വാശിയോടെ നോക്കിക്കാണുമ്പോൾ, കേരളത്തിൽ അരങ്ങേറാൻ പോകുന്ന സംഘർഷത്തിന്റെയും മറ്റും സാമ്പിൾ പൂരമാണ് ഇക്കഴിഞ്ഞ പൊതു പണിമുടക്ക് ദിനത്തിൽ ഉണ്ടായതെന്ന് പറയേണ്ടി വരും. 44 തൊഴിൽ നിയമങ്ങൾ നാലാക്കി കുറച്ചുകൊണ്ടുള്ള കേന്ദ്രത്തിന്റെ പുതിയ ലേബർ കോഡാണ് സമരഹേതുവെന്ന് ട്രേഡ് യൂണിയനുകൾ പറയുന്നു. എന്നാൽ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിൽ ഇന്ന് കുത്തകകളോടൊപ്പമാണ് ഭരണകൂടങ്ങൾ പോലും. കേന്ദ്രത്തിലായാലും കേരളത്തിലായാലും ഇന്ത്യയിലെ 52 കോടിയോളം വരുന്ന തൊഴിലാളികൾ നേരിടുന്നത് മനുഷ്യാവകാശ ലംഘനമുൾപ്പെടെയുള്ള കാര്യങ്ങളാണ്. 52-ൽ 42 കോടി തൊഴിലാളികളും അസംഘടിത തൊഴിലാളി വർഗമാണ്. കെ.എസ്.ആർ.ടി.യിൽ പോലും കോർപ്പറേഷൻ ലാഭത്തിലാക്കാൻ തുടങ്ങിയ 'സ്വിഫ്റ്റ്' കമ്പനിയിൽ ഡ്രൈവറുടെയും കണ്ടക്ടറുടെയും ജോലി ഒരേ സമയം ചെയ്യേണ്ടിവരുന്ന തൊഴിലാളിയുടെ ദിവസവേതനം വെറും 715 രൂപയാണ്. ഇതേ തസ്തികയിൽ ജോലി ചെയ്യുന്ന കോർപ്പറേഷനിലെ സ്ഥിരം ഡ്രൈവർക്ക് കിട്ടുന്നത് 1045 രൂപയും! കേരളമടക്കമുള്ള സംസ്ഥാനങ്ങൾ 4 ലേബർ കോഡുകൾക്കായുള്ള കരട് തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ട്രേഡ് യൂണിയൻ നേതാക്കളുടെ പണിമുടക്ക് ദിനത്തിലെ ശരീരഭാഷയും സംഭാഷണങ്ങളും വെറും വൈകാരികമാണെന്ന് ചിലർ അവകാശപ്പെട്ടു കണ്ടു. തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ എന്തേ ആ വികാരം കണ്ടില്ലല്ലോ? രാഷ്ട്രീയത്തിൽ നമുക്ക് കുറേക്കൂടി മാന്യത പുലർത്തിക്കൂടേ? നമുക്ക് ചുറ്റുമുള്ള ജനത്തെ എന്തിന് ശത്രുതാ മനോഭാവത്തോടെ കാണണം?


**ചിന്ത**

മറ്റുള്ളവരോടുള്ള മൃദുല സ്നേഹത്തിനും രാഷ്ട്രീയത്തിൽ ഇടമുണ്ടാകണം. എന്താണ് മൃദുലത? അടുത്തേക്ക് വരുകയും മൂർത്തമാവുകയും ചെയ്യുന്ന സ്നേഹമാണത്.

**-ഫ്രാൻസിസ് പാപ്പ (എല്ലാവരും സഹോദരർ പേജ് – 140)**

# കുരുന്നുകൾക്ക് ഒരു ഓണസമ്മാനം!






## ഈശോയും കുഞ്ഞുഗ്ലാഡിയും

കേരള കത്തോലിക്കാ വിദ്യാർത്ഥി സഖ്യം (കെ.സി.എസ്.എൽ.) പുതിയതായി ആരംഭിച്ചിട്ടുള്ള എൽ.പി.വിഭാഗം വിദ്യാർത്ഥികകളുടെ യൂണിറ്റുകൾക്കായി കെ.സി.ബി.സി. മീഡിയ കമ്മീഷൻ ജീസസ് ആൻഡ് മേരി കോൺഗ്രിഗേഷന്റെ ഡെൽഹി പ്രോവിൻസിന്റെ സഹകരണത്തോടെ തയ്യാറാക്കിയ ചിത്രകഥ 2025 ഓഗസ്റ്റ് 1 - ന് കോതമംഗലം രൂപതാധ്യക്ഷനും കെ.സി.ബി.സി. ലെയ്റ്റി കമ്മീഷന്റെ ചെയർമാനുമായ ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പ്രകാശനം ചെയ്യുന്നു.

വേദി : നെസ്റ്റ് പാസ്റ്ററൽ സെന്റർ, മൂവാറ്റുപുഴ

രചന : സി.ജോസ്ന ഫെർണാണ്ടസ് RJM



പ്രത്യാശയുടെ കഥകൾ കേൾക്കാം, ക്രിസ്തുവിനൊത്തു ജീവിക്കാം...

VATHICAN THARANGAM
RN 55178/94
Total Pages 28 Date of Publication 25-07-2025




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.